| 05–09–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളേ–നിങ്ങൾക്ക് ഇവിടെ പ്രവർത്തിമാർഗ്ഗത്തിന്റെ സ്നേഹമാണ് ലഭിക്കുന്നത്, എന്തുകൊണ്ടെന്നാൽ ബാബ ഹൃദയം കൊണ്ട് പറയുകയാണ് – എന്റെ കുട്ടികളെ, ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കുകയാണ്, ഈ സ്നേഹം ദേഹധാരിയായ ഗുരുവിന് നൽകാൻ സാധിക്കില്ല.**

**ചോദ്യം –** ഏത് കുട്ടികളുടെ ബുദ്ധിയിലാണോ ജ്ഞാനത്തിന്റെ ധാരണയും തീക്ഷ്ണബുദ്ധിയുമുള്ളത് – അവരുടെ ലക്ഷണമെന്തായിരിക്കും?
**ഉത്തരം –** അവർക്ക് മറ്റുള്ളവർക്ക് കേൾപ്പിച്ചുകൊടുക്കാനുള്ള താൽപര്യം ഉണ്ടായിരിക്കും. അവരുടെ ബുദ്ധി ബന്ധു–മിത്രാദികളിൽ അലയില്ല. ആരാണോ തീക്ഷ്ണബുദ്ധിയുള്ളവർ, അവർ ഒരിക്കലും പഠിപ്പിൽ അലസത കാണിക്കില്ല. വിദ്യാലയത്തിൽ ഒരിക്കലും കണ്ണുകൾ അടച്ചിരിക്കില്ല. ഏത് കുട്ടിയാണോ വറചട്ടി പോലെയുള്ളത്, അവരുടെ ബുദ്ധി അവിടേയും ഇവിടേയും അലഞ്ഞുകൊണ്ടിരിക്കും, അവർ ജ്ഞാനത്തെ മനസ്സിലാക്കുകയേയില്ല, അവർക്ക് ബാബയെ ഓർമ്മിക്കുന്നത് വളരെ പ്രയാസമായിരിക്കും.

**ഓം ശാന്തി**. ഇതാണ് അച്ഛനും കുട്ടികളും തമ്മിലുള്ള മേള. ഗുരുവും ശിഷ്യരും തമ്മിലുള്ള മേളയല്ല. ഗുരുക്കന്മാരുടെ ദൃഷ്ടിയിൽ എപ്പോഴും ഉണ്ടായിരിക്കുന്നത് ഇവർ ഞങ്ങളുടെ ശിഷ്യരാണ്, അഥവാ അനുയായികളാണ് അല്ലെങ്കിൽ ജിജ്ഞാസുവാണ്, ദൃഷ്ടി സാധാരണമായിരിക്കും. ആ ദൃഷ്ടിയിലൂടെയാണ് അവർ കാണുന്നത്. ആത്മാവിനെയല്ല. അവർ കാണുന്നത് ശരീരത്തെയാണ് ശിഷ്യന്മാരും ദേഹാഭിമാനത്തിലാണിരിക്കുന്നത്. അവരെ തന്റെ ഗുരുവാണെന്ന് മനസ്സിലാക്കുന്നു. ദൃഷ്ടി യിലുമുണ്ടായരിക്കും ഇവർ ഞങ്ങളുടെ ഗുരുവാണ്. ഗുരുവിനെ ബഹുമാനിക്കും. ഇവിടെ വളരെ വ്യത്യാസമാണ്, ഇവിടെ ബാബ തന്നെയാണ് കുട്ടികൾക്ക് ആദരവ് നൽകുന്നത്. ബാബക്കറിയാം ഈ കുട്ടികളെ പഠിപ്പിക്കണം. സൃഷ്ടിചക്രം എങ്ങിനെയാണ് കറങ്ങുന്നത്. പരിധിയില്ലാത്ത ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റെയും ജ്ഞാനം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. ഗുരുക്കന്മാരുടെ ഹൃദയത്തിൽ കുട്ടിയെന്നുള്ള സ്നേഹം ഉണ്ടായിരിക്കില്ല. ബാബക്ക് കുട്ടികളെന്നുള്ള വളരെ സ്നേഹമുണ്ടായിരിക്കും, കുട്ടികൾക്കും ബാബയോട് വളരെ സ്നേഹമാണ്. നിങ്ങൾക്കറിയാം ബാബ നമുക്ക് സൃഷ്ടിചക്രത്തിന്റെ ജ്ഞാനം കേൾപ്പിക്കുകയാണ്. ഗുരുക്കന്മാർ എന്താണ് പഠിപ്പിക്കുന്നത്? പകുതി കൽപ്പത്തോളം ശാസ്ത്രങ്ങളെല്ലാം കേൾപ്പിച്ചു, ഭക്തിയുടെ കർമ്മകാണ്ഡം ചെയ്യിപ്പിച്ചു, ഗായത്രിമന്ത്രവും, സന്ധ്യാജപങ്ങളും പഠിപ്പിച്ചുകൊണ്ടിരുന്നു. ബാബ വന്നിരിക്കുകയാണ് തന്റെ പരിചയം നൽകാൻ. നമ്മൾ ബാബയെ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. സർവ്വവ്യാപിയാണെന്ന് പറഞ്ഞിരുന്നു. പരമാത്മാവ് എവിടെയാണെന്ന് ആരോടു ചോദിച്ചാലും അവർ പറയും സർവ്വവ്യാപിയാണെന്ന്. നിങ്ങളുടെയടുത്ത് ആളുകൾ വരുമ്പോൾ ചോദിക്കും ഇവിടെ എന്താണ് പഠിപ്പിക്കുന്നത്? പറയൂ, ഞങ്ങൾ രാജയോഗം പഠിപ്പിക്കുകയാണ്, ഇതിലൂടെ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവത അഥവാ രാജാവായി മാറും, മനുഷ്യനെ ദേവതയാക്കി മാറ്റുന്ന പഠിപ്പ് നൽകുന്ന ഇങ്ങനെയുള്ള മറ്റൊരു സത്സംഗം ഒരിക്കലും ഉണ്ടാകില്ല. ദേവതകൾ ഉള്ളത് സത്യയുഗത്തിലാണ്. കലിയുഗത്തിൽ മനുഷ്യരാണ്. ഇപ്പോൾ നമുക്ക് മുഴുവൻ സൃഷ്ടിചക്രത്തിന്റേയും രഹസ്യം മനസ്സിലാക്കിത്തരികയാണ്, ഇതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായി മാറും. നിങ്ങൾക്ക് പാവനമായി മാറാനുള്ള വളരെ നല്ല യുക്തിയും പറഞ്ഞുതരുന്നുണ്ട്. ഇങ്ങനെയുള്ള യുക്തി ആർക്കും മനസ്സിലാക്കിത്തരാൻ ഒരിക്കലും സാധിക്കില്ല. ഇതാണ് സഹജരാജയോഗം. ബാബയാണ് പതിതപാവനൻ. ബാബ സർവ്വശക്തിവാനുമാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ പാപം ഭസ്മമാകും. കാരണം യോഗാഗ്നിയല്ലേ. ഇവിടെ പുതിയ കാര്യമാണ് പഠിപ്പിച്ചുതരുന്നത്.

ഇത് ജ്ഞാനമാർഗ്ഗമാണ്. ജ്ഞാനത്തിന്റെ സാഗരൻ ഒരു ബാബയാകുന്നു. ജ്ഞാനവും ഭക്തിയും വെവ്വേറെയാണ്. ജ്ഞാനം പഠിപ്പിക്കുന്നതിനുവേണ്ടി ബാബക്ക് വരേണ്ടിവരുന്നു കാരണം ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. ബാബ സ്വയം വന്ന് തന്റെ പരിചയം നൽകുകയാണ് ഞാൻ എല്ലാവർക്കും പിതാവാണ്. ബ്രഹ്മാവിലൂടെ മുഴുവൻ സൃഷ്ടിയേയും പാവനമാക്കി മാറ്റുന്നു. പാവനമായ ലോകം സത്യയുഗമാണ്. പതിതമായ ലോകം കലിയുഗമാണ്. സത്യയുഗത്തിന്റെ ആദ്യവും കലിയുഗത്തിന്റെ അന്ത്യവും ഇതാണ് സംഗമയുഗം. ഇതിനെ അധിയുഗം എന്ന് പറയുന്നു. ഇവിടെ നമ്മൾ ചാടിക്കടക്കുകയാണ്. എവിടേക്ക്? പഴയ ലോകത്തിൽനിന്ന് പുതിയ ലോകത്തിലേക്ക് ചാടിക്കടക്കുന്നു. ഇറങ്ങുമ്പോൾ പതുക്കെ പതുക്കെ പടികളിറങ്ങി വന്നു. ഇവിടെ നമ്മൾ മോശമായ ലോകത്തിൽ നിന്നും പുതിയ ലോകത്തിലേക്ക് ഒറ്റയടിക്ക് ചാടിക്കടക്കുകയാണ്. നേരെ മുകളിലേക്ക് പോകും. പഴയ ലോകം

വിട്ട് നമ്മൾ പുതിയ ലോകത്തിലേക്ക് പോവുകയാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. പരിധിയില്ലാത്ത പഴയ ലോകത്തിൽ അനവധി മനുഷ്യരാണ്. പുതിയ ലോകത്തിൽ വളരെ കുറച്ച് മനുഷ്യരാണ്. ഇതാണ് സ്വർഗ്ഗമെന്ന് പറയുന്നത്. അവിടെ എല്ലാവരും പവിത്രമായിരിക്കുന്നു. കലിയുഗത്തിൽ എല്ലാവരും അപവിത്രമാണ്. അപവിത്രമാക്കി മാറ്റുന്നത് രാവണനാണ്. എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം നിങ്ങൾ ഇപ്പോൾ രാവണരാജ്യത്തിൽ അഥവാ പഴയ ലോകത്തിലാണ്. വാസ്തവത്തിൽ രാമരാജ്യം ഉണ്ടായിരുന്നു ഇതിനെയാണ് സ്വർഗ്ഗമെന്ന് പറയുന്നത്. പിന്നീട് എങ്ങനെ 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വന്ന് താഴേക്ക് വീണു, ഇത് നമുക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കും. ആരാണോ നല്ല വിവേകശാലിയായിട്ടുള്ളവർ അവർ പെട്ടെന്ന് മനസ്സിലാക്കും, ആരുടെ ബുദ്ധിയിലാണോ വരാത്തത് അവർ വറചട്ടി പോലെയാണ് അവിടേയും ഇവിടേയും നോക്കിയിരിക്കും. ശ്രദ്ധയോടെ കേൾക്കില്ല. പറയാറില്ലേ നിങ്ങളെന്താ വറചട്ടിപോലെ. സന്യാസിമാർ പോലും കഥ കേൾപ്പിച്ചുകൊടുക്കുമ്പോൾ ചിലർ കോട്ടുവായിട്ടുകൊണ്ടിരിക്കും ശ്രദ്ധ മറ്റെവിടെയെങ്കിലുമായിരിക്കും, അപ്പോൾ പെട്ടെന്ന് അവരോട് ചോദിക്കും എന്താണ് കേൾപ്പിച്ചത്? ബാബയും എല്ലാവരേയും നോക്കുന്നുണ്ട് ആരും വറചട്ടി പോലെയിരിക്കുന്നില്ലല്ലോ. നല്ല തീക്ഷ്ണബുദ്ധിയുള്ള കുട്ടികൾ പഠിത്തത്തിൽ അലസരാകില്ല. വിദ്യാലയങ്ങളിൽ കണ്ണുകളടച്ചിരിക്കുന്ന നിയമമില്ലല്ലോ. ഒരു ജ്ഞാനവും മനസ്സിലാകില്ല. ബാബയെ ഓർമ്മിക്കുന്നത്, അങ്ങനെയുള്ളവർക്ക് വളരെ പ്രയാസമായിരിക്കും, പിന്നെ എങ്ങനെയാണ് അവരുടെ പാപങ്ങൾ നശിക്കുക. തിക്ഷ്ണബുദ്ധിയുള്ളവർ നല്ലരീതിയിൽ ധാരണ ചെയ്ത് മറ്റുള്ളവർക്കും കേൾപ്പിച്ചുകൊടുക്കാനുള്ള താൽപര്യം വെക്കും. ജ്ഞാനമില്ലായെങ്കിൽ മിത്രസംബന്ധികളുടെ ഭാഗത്തേക്ക് ബുദ്ധി അലഞ്ഞുകൊണ്ടിരിക്കും. ഇവിടെ ബാബ പറയുകയാണ് എല്ലാം മറക്കണം. അന്തിമസമയത്ത് മറ്റൊന്നും ഓർമ്മ വരരുത്. ബാബ സന്യാസിമാരെയെല്ലാം കണ്ടിട്ടുണ്ട് അവർ പക്കാ ബ്രഹ്മജ്ഞാനികളായിരിക്കും, അവർ അതിരാവിലെ എഴുന്നേറ്റ് ബ്രഹ്മമഹതത്വത്തെ ഓർമ്മിച്ച് ശരീരം ഉപേക്ഷിക്കുന്നു. അവർക്ക് ശാന്തിയുടെ പ്രവാഹത്തിന്റെ അനുഭവമുണ്ടാകും. അവരൊരിക്കലും ബ്രഹ്മത്തിൽ ലയിക്കുന്നില്ല. പിന്നീട് വീണ്ടും ഒരമ്മയുടെ ഗർഭത്തിൽ പോയി ജന്മമെടുക്കേണ്ടതായി വരുന്നു.

ബാബ മനസ്സിലാക്കിത്തരികയാണ് മഹാത്മാവെന്ന് കൃഷ്ണനെയാണ് പറയുന്നത്. മനുഷ്യർ അർത്ഥം മനസ്സിലാക്കാത പലതും പറയുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് ശ്രീകൃഷ്ണൻ സമ്പൂർണ്ണ നിർവ്വികാരിയാണ്, പക്ഷേ സന്യാസിയല്ല, ദേവതയെന്ന് പറയും. സന്യാസിയെന്ന് പറയുന്നതിനും ദേവതയെന്ന് പറയുന്നതിനും അർത്ഥമുണ്ട്. എങ്ങിനെയാണ് ദേവതയായി മാറിയത്? സന്യാസത്തിലൂടെ ദേവതയായി മാറി. പക്ഷേ സന്യാസം പരിധിയില്ലാത്തത് ചെയ്തു പിന്നീട് സത്യയുഗത്തിലേക്ക് പോയി. സന്യാസിമാരുടേത് പരിധിയുള്ള സന്യാസം ചെയ്യലാണ്. പരിധിയില്ലാത്തതിലേക്ക് പോകാൻ സാധിക്കുന്നില്ല. പരിധിയുള്ളതിൽ പോയി പുനർജ്ജന്മവും എടുക്കുന്നു, വികാരത്തിലൂടെ. പരിധിയില്ലാത്ത അധികാരിയായി മാറാൻ സാധിക്കുന്നില്ല. രാജാവോ റാണിയോ ആയി മാറുന്നില്ല കാരണം അവരുടെ ധർമ്മം വേറെയാണ്. സന്യാസധർമ്മം ദേവതാധർമ്മമല്ല. ബാബ പറയുകയാണ് ഞാൻ അധർമ്മത്തെ വിനാശം ചെയ്ത് ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. വികാരവും അധർമ്മമല്ലേ, അതുകൊണ്ട് ബാബ പറയുകയാണ് ഇതെല്ലാം വിനാശം ചെയ്ത് ഒരു ആദിസനാതനദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ എനിക്ക് വരേണ്ടിവരുന്നു. ഭാരതത്തിൽ എപ്പോഴാണോ സത്യയുഗമായിരുന്നത് ഒരു ധർമ്മമായിരുന്നു, ആ ധർമ്മം വീണ്ടും അധർമ്മമായി മാറുന്നു. ഇപ്പോൾ നിങ്ങൾ വീണ്ടും ആദിസനാതന ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നു അതിനനുസരിച്ചുള്ള പദവി നേടും. സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യണം. ഗൃഹസ്ഥത്തിലിരിക്കൂ. എന്നാലും നടക്കുമ്പോഴും കറങ്ങുമ്പോഴും ഇരിക്കുമ്പോഴും ഇത് പക്കായാക്കൂ, ഭക്തർ പോലും അതിരാവിലെ എഴുന്നേറ്റ് ഏകാന്തമായിരുന്നു മാല ജപിക്കുന്നു, നിങ്ങൾ മുഴുവൻ ദിവസത്തിന്റേയും കണക്കെടുക്കൂ. എത്ര സമയം ഓർമ്മയിലിരുന്നു. മുഴുവൻ സമയത്തിലും എത്ര സമയം ഓർമ്മിച്ചു, ആകെ കണക്കെടുക്കൂ. ഭക്തർ അതിരാവിലെ എഴുന്നേറ്റ് മാല ജപിക്കുന്നു, സത്യമായ ഭക്തരല്ല എന്നിട്ടുകൂടെ. ചിലരുടെ ബുദ്ധി പുറത്ത് അവിടേയും ഇവിടേയും അലഞ്ഞുകൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ഭക്തിയിലൂടെ ലാഭമൊന്നും കിട്ടുന്നില്ല. ഇത് ജ്ഞാനമാണ്, ഇതിലൂടെ വളരെയധികം ലാഭമുണ്ടാകും. ഇപ്പോൾ നിങ്ങളുടേത് കയറുന്ന കലയാണ്. ബാബ ഇടക്കിടെ പറയുകയാണ് മൻമനാഭവ. ഗീതയിലും ഈ ശബ്ദമുണ്ട് പക്ഷേ ഇതിന്റെ അർത്ഥം ആർക്കും കേൾപ്പിച്ചുതരാൻ സാധിക്കുന്നില്ല. ഉത്തരം കൊടുക്കാനും അറിയില്ല. വാസ്തവത്തിൽ അതിന്റെ അർത്ഥത്തെക്കുറിച്ച് എഴുതിയിട്ടുണ്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി, ദേഹത്തിന്റെ എല്ലാ ധർമ്മത്തേയും ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. ഭഗവാനുവാചയല്ലേ. പക്ഷേ അവരുടെ ബുദ്ധിയിലുള്ളത് കൃഷ്ണഭഗവാനെന്നാണ്. കൃഷ്ണൻ ദേഹധാരി പുനർജ്ജന്മത്തിലേക്ക് വരുന്നില്ലേ. കൃഷ്ണനെ എങ്ങനെ ഭഗവാനെന്ന് പറയാൻ സാധിക്കും. സന്യാസിമാരൊന്നും ആരുടെയും

ദൃഷ്ടിയിൽ അച്ഛനും മക്കളും എന്ന സംബന്ധത്തിലല്ല. ഗാന്ധിജിയെ ബാപ്പുജിയെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷേ പിതാവും പുത്രനും ഈ സംബന്ധം പറയാറില്ല. നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഈ ബ്രഹ്മാവിന്റെ ശരീരത്തിലിരിക്കുന്നത് പരിധിയില്ലാത്ത ബാപ്പുജിയാണ്. ലൗകികം പാരലൗകികം ഈ രണ്ട് പിതാവിൽനിന്നും സമ്പത്ത് ലഭിക്കുന്നു. ബാപ്പുജിയിൽ നിന്നും ഒന്നും ലഭിക്കുന്നില്ല. ശരി, ഭാരതരാജ്യത്തെ തിരിച്ചെടുത്തു, പക്ഷേ അതിനെ സമ്പത്തെന്ന് പറയില്ല. സുഖം ലഭിക്കണമല്ലോ.

സമ്പത്ത് ലഭിക്കുന്നത് രണ്ടാണ് – ഒന്ന് പരിധിയുള്ള പിതാവിൽ നിന്ന്, രണ്ട് പരിധിയില്ലാത്ത പിതാവിൽ നിന്ന്. ബ്രഹ്മാവിൽനിന്നും സമ്പത്ത് ലഭിക്കുന്നില്ല. മുഴുവൻ പ്രജകളുടേയും പിതാവാണ്, ബ്രഹ്മാവിനെ പറയും മുതുമുത്തശ്ശൻ. ബ്രഹ്മാവ് സ്വയം പറയുകയാണ് എന്നിൽനിന്നും നിങ്ങൾക്ക് ഒരു സമ്പത്തും ലഭിക്കുന്നില്ല, ബ്രഹ്മാവ് തന്നെ പറയുകയാണ് എന്നിൽനിന്ന് ഒരു സമ്പത്തും ലഭിക്കുന്നില്ലായെന്ന്, എങ്കിൽ ആ ബാപ്പുജിയിൽനിന്നും എന്ത് സമ്പത്ത് ലഭിക്കും. ഒന്നുമില്ല. ഇംഗ്ലീഷുകാർ പോയി. ഇപ്പോഴെന്താണ് നിരാഹാരസമരം, വഴിതടയൽ, സമരം ഇതെല്ലാം ഉണ്ടായിക്കൊണ്ടിരിക്കും.എത്ര ആധിക്യങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആർക്കും പേടിയില്ല. വലിയ വലിയ ഉദ്യോഗസ്ഥരെപ്പോലും അടിക്കുന്നു. സുഖത്തിനുപകരം ദുഃഖമാണ്. പരിധിയില്ലാത്ത കാര്യം ഇവിടെത്തന്നെയാണ്. ബാബ പറയുകയാണ് ആദ്യമാദ്യം ഈ പക്കാ നിശ്ചയം ചെയ്യൂ നമ്മൾ ആത്മാവാണ്, ശരീരമല്ല. ബാബ നമ്മളെ ദത്തെടുത്തിരിക്കുകയാണ്, നമ്മൾ ദത്തെടുത്ത കുട്ടികളാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരികയാണ് ബാബ ജ്ഞാനത്തിന്റെ സാഗരൻ വന്നിരിക്കുകയാണ് സൃഷ്ടിചക്രത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരാൻ. വേറെയാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ബാബ പറയുകയാണ് ദേഹസഹിതം ദേഹത്തിന്റെ എല്ലാ ധർമ്മങ്ങളേയും മറന്ന്, എന്നെ മാത്രം ഓർമ്മിക്കൂ. തീർച്ചയായും സതോപ്രധാനമായി മാറണം. ഇതുമറിയാം പഴയ ലോകത്തിന്റെ വിനാശമുണ്ടാകും. പുതിയ ലോകത്തിൽ വളരെ കുറച്ചുപേരാണ്. കോടിക്കണക്കിന് ആത്മാക്കൾ എവിടെക്കിടക്കുന്നു 9 ലക്ഷം എവിടെക്കിടക്കുന്നു. ഇത്രയും പേർ എവിടെപ്പോകും? ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ എല്ലാ ആത്മാക്കളും മുകളിലായിരുന്നു. ഇവിടെ വന്നിരിക്കുകയാണ് പാർട്ട് അഭിനയിക്കാൻ. ആത്മാവിനെ അഭിനേതാവെന്നാണ് പറയുക. ആത്മാവാണ് അഭിനയിക്കുന്നത് ഈ ശരീരത്തിലൂടെ. ആത്മാവിന് ഉപകരണം വേണം. ആത്മാവെത്ര ചെറുതാണ്. 84 ലക്ഷം ജന്മമില്ല. ഓരോരുത്തരും 84 ലക്ഷം ജന്മമെടുക്കുകയാണെങ്കിൽ എങ്ങിനെ പാർട്ട് ആവർത്തിക്കും. ഓർമ്മിക്കാൻ പോലും സാധിക്കില്ല. സ്മൃതിതലത്തിൽനിന്നുംപോലും പുറത്തുപോകും. 84 ജന്മം പോലും നിങ്ങൾക്ക് ഓർമ്മിക്കാൻ സാധിക്കില്ല, മറക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയെ ഓർമ്മിച്ച് തീർച്ചയായും പാവനമായി മാറണം. ഈ യോഗാഗ്നിയിലൂടെ വികർമം വിനാശം ചെയ്യണം. ഇത് നിശ്ചയമുണ്ട്- പരിധിയില്ലാത്ത ബാബയിലൂടെ പരിധിയില്ലാത്ത സമ്പത്ത് നാം കൽപ-കൽപത്തിലേക്ക് നേടുകയാണ്. ഇപ്പോൾ വീണ്ടും സ്വർഗ്ഗവാസിയായി മാറുന്നതിനുവേണ്ടി ബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ കാരണം ഞാൻ പതിതപാവനനാണ്. നിങ്ങൾ ബാബയെ വിളിച്ചതല്ലേ, ഇപ്പോൾ ബാബ വന്നിരിക്കുകയാണ് പാവനമാക്കി മാറ്റാൻ. പാവനം ദേവതകളാണ്, പതിതർ മനുഷ്യരാണ്. പാവനമായി മാറി ശാന്തിധാമത്തിലേക്ക് പോകണം. നിങ്ങൾ ശാന്തിധാമത്തിലേക്കാണോ പോകാൻ ആഗ്രഹിക്കുന്നത് അതോ സുഖധാമത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നോ? സന്യാസിമാർ പറയും സുഖം കാകവിഷ്ടസമാനമാണ്, ഞങ്ങൾക്ക് ശാന്തി വേണം. അവർക്ക് ഒരിക്കലും സത്യയുഗത്തിലേക്ക് വരാൻ കഴിയില്ല. സത്യയുഗം പ്രവർത്തിമാർഗ്ഗത്തിന്റെ ധർമ്മമാണ്. ദേവതകൾ നിർവ്വികാരികളായിരുന്നു. അവർ പുനർജ്ജന്മങ്ങളെടുത്തെടുത്ത് പതിതമായി മാറി. ഇപ്പോൾ ബാബ പറയുകയാണ് നിർവ്വികാരിയായി മാറണം. സ്വർഗ്ഗത്തിലേക്ക് പോകണമെങ്കിൽ എന്നെ ഓർമ്മിക്കൂ, എങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. പുണ്യാത്മാവായി മാറിയാൽ ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും വരാം. അവിടെ ശാന്തിയുമുണ്ടായിരുന്നു, സുഖവും ഉണ്ടായിരുന്നു. ഇപ്പോഴാണ് ദുഃഖധാമം. വീണ്ടും ബാബ വന്ന് സുഖധാമത്തിന്റെ സ്ഥാപന ചെയ്യുകയാണ്, ദുഃഖധാമത്തിന്റെ വിനാശവും. ചിത്രവും മുന്നിലുണ്ട്. പറയൂ, ഇപ്പോൾ നിങ്ങൾ എവിടെയാണ് നിൽക്കുന്നത്? ഇപ്പോൾ കലിയുഗത്തിന്റെ അന്തിമമാണ്. വിനാശം തൊട്ടുമുന്നിലുണ്ട്. ബാക്കി അവശേഷിക്കുന്നത് ചെറിയൊരു ഭാഗം മാത്രമായിരിക്കും. ഇത്രയും ഖണ്ഡങ്ങൾ സത്യയുഗത്തിലുണ്ടായിരിക്കില്ല. മുഴുവൻ ലോകത്തിന്റേയും ഭൂമിശാസ്ത്രവും ചരിത്രവും ബാബ മനസ്സിലാക്കിത്തരികയാണ്. ഇത് പാഠശാലയാണ്. ഭഗവാനുവാച, ആദ്യമാദ്യം ബാബയുടെ പരിചയം കൊടുക്കണം ഇപ്പോൾ കലിയുഗമാണ് വീണ്ടും സത്യയുഗം വരും. അവിടെ സുഖം സുഖം മാത്രമായിരിക്കും. ഒരാളെ മാത്രം ഓർമ്മിക്കണം – ഇതാണ് അവ്യഭിചാരി ഓർമ്മ. ശരീരത്തേയും മറക്കണം. ശാന്തിധാമത്തിൽ നിന്നാണ് വന്നത് വീണ്ടും ശാന്തിധാമത്തിലേക്ക് പോകണം. ശാന്തിധാമത്തിലേക്ക് പതിതരായവർക്ക് പോകാൻ സാധിക്കില്ല. ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് പാവനമായി മാറി

മുക്തിധാമത്തിലേക്ക് പോകും. ഇത് നല്ലരീതിയിൽ ഇരുന്നു മനസ്സിലാക്കിക്കൊടുക്കണം. ആദ്യം ഇത്രയും ചിത്രങ്ങളൊന്നും ഉണ്ടായിരുന്നില്ല. ചിത്രങ്ങൾ ഇല്ലാതെ സാരാംശമായി മനസ്സിലാക്കിക്കൊടുത്തിട്ടുണ്ടായിരുന്നു. ഈ പാഠശാലയിൽ മനുഷ്യരിൽനിന്നും ദേവതയായി മാറണം. ഇത് പുതിയ ലോകത്തിലേക്കുവേണ്ടിയുള്ള ജ്ഞാനമാണ്. ബാബയാണ് നൽകുന്നത് ബാബയുടെ ദൃഷ്ടി കുട്ടികളുടെമേൽ ഉണ്ട്– ഞാൻ ആത്മാക്കളെ പഠിപ്പിക്കുകയാണ്. നിങ്ങളും മനസ്സിലാക്കിക്കൊടുക്കുന്നു പരിധിയില്ലാത്ത ബാബ നമുക്ക് മനസ്സിലാക്കിത്തരുന്നു, ബാബയുടെ പേരാണ് ശിവബാബ. കേവലം പരിധിയില്ലാത്ത ബാബയെന്ന് പറയുന്നതിലൂടെ ആശയക്കുഴപ്പമാകും കാരണം ബാബമാരും വളരെയധികം ഉണ്ടായിരിക്കുന്നു. മുനിസിപ്പാലിറ്റിയുടെ മേയറെപ്പോലും പറയുന്നു ബാബയെന്ന് (നഗരപിതാവ്). ബാബ പറയുകയാണ് ഞാൻ ഈ ബ്രഹ്മാവിലേക്ക് വരുമ്പോഴും എന്റെ പേര് ശിവനെന്നാണ്. ഞാൻ ഈ രഥത്തിലൂടെ ജ്ഞാനം നൽകുകയാണ്, ഞാൻ ഈ ബ്രഹ്മാവിനെ ദത്തെടുത്തിരിക്കുന്നു. പേര് നൽകിയിരിക്കുന്നു പ്രജാപിതാ ബ്രഹ്മാവെന്ന്. ഈ ബ്രഹ്മാവിനും എന്നിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) ഇപ്പോൾ പഴയ ലോകത്തിൽ നിന്നും പുതിയ ലോകത്തിലേക്ക് ചാടാനുള്ള സമയമാണ്. അതുകൊണ്ട് ഈ പഴയ ലോകത്തിനെ പരിധിയില്ലാത്ത സന്യാസം ചെയ്യണം. ഈ ലോകത്തെ ബുദ്ധികൊണ്ട് മറക്കണം.

2) പഠിപ്പിൽ പൂർണ്ണമായും ശ്രദ്ധ കൊടുക്കണം. വിദ്യാലയത്തിൽ കണ്ണുകളടച്ചിരിക്കുന്നത് – മര്യാദയല്ല. ശ്രദ്ധവെക്കൂ – പഠിക്കുന്ന സമയത്ത് ബുദ്ധി അവിടേയും ഇവിടേയും അലയരുത്, കോട്ടുവായ് വരരുത്. എന്താണോ കേൾക്കുന്നത് അത് ധാരണ ചെയ്യണം.

## വരദാനം:– ആത്മീയ ലഹരിയിലൂടെ പഴയ ലോകത്തെ മറക്കുന്ന സ്വരാജ്യ അധികാരിയും വിശ്വരാജ്യ അധികാരിയുമായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ആരാണോ ബാബയുടെ സമ്പത്തിന്റെ അധികാരികൾ അവർ തന്നെയാണ് സ്വരാജ്യ അധികാരിയും വിശ്വരാജ്യ അധികാരിയുമായി മാറുന്നത്. ഇന്ന് സ്വരാജ്യമാണ് നാളെ വിശ്വരാജ്യമാകും. ഇന്നിന്റെയും നാളെയുടെയും കാര്യമാണ്, അങ്ങനെയുള്ള അധികാരി ആത്മാക്കൾ ആത്മീയ ലഹരിയിലിരിക്കുന്നു, മാത്രമല്ല ലഹരി പഴയ ലോകത്തെ സഹജമായി മറപ്പിക്കുന്നു. അധികാരി ഒരിക്കലും ഏതെങ്കിലും വസ്തുവിലോ വ്യക്തിയിലോ സംസ്കാരത്തിലോ അധീനപ്പെടുക സാധ്യമല്ല. അവർക്ക് പരിധിയുള്ള കാര്യങ്ങൾ ഉപേക്ഷിക്കേണ്ടതില്ല, സ്വതവേ വിട്ടുപോകുന്നു.

## സ്ലോഗൻ:– ഓരോ സെക്കന്റും ഓരോ ശ്വാസവും ഓരോ ഖജനാവിനെയും സഫലമാക്കുന്നവർ തന്നെയാണ് സഫലതാ മൂർത്തിയാകുന്നത്.